ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

പള്ളിയറ ശ്രീധരൻ

# ലെപ്പോൾഡ് ക്രൊണേക്കർ

പ്രഷ്യയിലെ ലീഗ്നിറ്റ്സിൽ 1823 ഡിസംബർ 7ന് ലെപ്പോൾഡ് ക്രൊണേക്കർ ജനിച്ചു. പിതാവ് സമ്പന്നനായ കച്ചവടക്കാരനായിരുന്നു. സ്വന്തം വീട്ടിൽ ഒരു സ്വകാര്യ ട്യൂട്ടറുടെ കീഴിലായിരുന്നു ക്രൊണേക്കറുടെ പ്രാഥമിക വിദ്യാഭ്യാസം. പിന്നീട് വോർഷ്യൂളിലെ ഒരു സ്കൂളിൽ ചേർന്നു. വളരെ പ്രശസ്തനായ ഗണിതശാസ്ത്രജ്ഞൻ കുമ്മർ അവിടെ ക്രൊണേക്കറുടെ അധ്യാപകനായിരുന്നു.

എല്ലാ വിഷയങ്ങളിലും ക്രൊണേക്കർ സമർത്ഥനായിരുന്നു. പക്ഷേ ഗണിതശാസ്ത്രത്തോടായിരുന്നു കൂടുതൽ താത്പര്യം. കുമ്മർ, ക്രൊണേക്കർക്ക് ഗണിതശാസ്ത്ര പഠനത്തിന് ആവശ്യമായ പ്രത്യേക സൗകര്യങ്ങൾ ചെയ്തുകൊടുത്തു. തത്ത്വശാസ്ത്രത്തിലും ക്രൊണേക്കർക്ക് പ്രത്യേകം താത്പര്യമുണ്ടായിരുന്നു.

1841ൽ ക്രൊണേക്കർ ബർലിൻ സർവകലാശാലയിൽ ചേർന്നു. പ്രശസ്ത ഗണിതശാസ്ത്ര പണ്ഡിതൻ ജക്കോബി, സ്റ്റീനർ, ഡിറിഷ്‌ലെ എന്നിവരുടെ കീഴിലായിരുന്നു ഗണിതപഠനം നിർവഹിച്ചിരുന്നത്. ബർലിൻ സർവകലാശാലയിൽ പഠിക്കുന്നതിനിടയിൽ തന്നെ ബോൺ, ബ്രസ്ലോ എന്നീ സർവകലാശാലകളിലും പഠനാർത്ഥം ക്രൊണേക്കർ പോകാറുണ്ടായിരുന്നു. ബ്രസ്ലോ സർവകലാശാലയിൽ തന്റെ പഴയ അധ്യാപകൻ കുമ്മർ ഉണ്ടായിരുന്നു. ബോൺ സർവകലാശാലയിൽ ഒരു വിദ്യാർത്ഥിസംഘടന സ്ഥാപിക്കുന്നതിൽ മുൻകൈയെടുത്ത് പ്രവർത്തിച്ചത് ക്രൊണേക്കറായിരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അഭാജ്യ സംഖ്യകളെ സംബന്ധിക്കുന്ന ഒരു സിദ്ധാന്തം അദ്ദേഹം തെളിയിച്ചു.

1845ൽ ക്രൊണേക്കർക്ക് ബർലിൻ സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു. തുടർന്ന് സംഖ്യാശാസ്ത്രത്തിൽ ഗവേഷണം നടത്തി. സമ്മിശ്രസംഖ്യകളെപ്പറ്റി ചില കണ്ടുപിടുത്തങ്ങളും ഈ കാലത്ത് ഉണ്ടായി.

സർവകലാശാലാ പഠനത്തിനുശേഷം, അന്തരിച്ച അമ്മാവന്റെ ബാങ്കിംഗ് ബിസിനസ്സിന്റെ ആസ്തി തിട്ടപ്പെടുത്തുന്ന ജോലിയിൽ ക്രൊണേക്കർക്ക് ഏർപ്പെടേണ്ടിവന്നു. വളരെ ഭംഗിയായി ആ ജോലി നിർവഹിച്ചു. ഇതിന്റെ ഫലമായി ഒരു നല്ല സമ്പാദ്യം ലഭിച്ചതിനാൽ ജീവിതാവശ്യത്തിന് മറ്റ് ജോലികളിലൊന്നും ഏർപ്പെടേണ്ടിവന്നില്ല. മരിച്ചുപോയ പ്രസ്തുത അമ്മാവന്റെ മകൾ ഫാന്നിയെയാണ് ക്രൊണേക്കർ വിവാഹം കഴിച്ചത്.



*ലെപ്പോൾഡ് ക്രൊണേക്കർ*

1845 മുതൽ 1861 വരെയുള്ള കാലഘട്ടത്തിൽ ക്രൊണേക്കറുടെ 17 ഗവേഷണപ്രബന്ധങ്ങളാണ് പ്രസിദ്ധീകരിച്ചത്. നിർധാരണം ചെയ്യാവുന്ന ബീജഗണിത വാക്യങ്ങളെപ്പറ്റിയുള്ള രണ്ട് പ്രബന്ധങ്ങൾ, ഗാസ്സിന്റെ ഫോർമുലയെപ്പറ്റിയും എലിപ്റ്റിക്ക് ഏകദങ്ങളെപ്പറ്റിയുമുള്ള പ്രബന്ധങ്ങൾ എന്നിവ വളരെ പ്രധാനപ്പെട്ടവയാണ്. കുമ്മറിന്റെ സിദ്ധാന്തത്തിന് വളരെ എളുപ്പമുള്ള ഒരു തെളിവ് അദ്ദേഹം കണ്ടുപിടിച്ചിരുന്നു.

1861ൽ ബർലിൻ അക്കാദമി ഓഫ് സയൻസിൽ ഒരു അധ്യാപകനായി ചേർന്നെങ്കിലും 1863ൽ കുമ്മർ വിരമിച്ചപ്പോൾ മാത്രമാണ് ക്രൊണേക്കർക്ക് പ്രൊഫസറായി നിയമനം കിട്ടിയത്. സർവകലാശാല അധ്യാപകൻ എന്ന നിലയിൽ ഒരു സുഹൃത്ത് ക്രൊണേക്കറെപ്പറ്റി പറഞ്ഞത് ഇങ്ങനെയാണ്: "ക്രൊണേക്കർ ഒരു കുറിയ മനുഷ്യനാണെങ്കിലും വലിയൊരു പണ്ഡിതനാണ്."

സർവകലാശാലയിലെ 17-ാം നമ്പർ മുറിയിൽ വെച്ചാണ് അദ്ദേഹം പ്രഭാഷണം നടത്തിയിരുന്നത്. രസകരമായ ആമുഖത്തോടെയാണ് ക്രൊണേക്കർ തന്റെ പ്രഭാഷണങ്ങൾ ആരംഭിച്ചിരുന്നത്. പ്രഭാഷണം നടത്തുന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവാച്യമായ ഒരു അനുഭൂതി പ്രദാനം ചെയ്തിരുന്ന കർമ്മമായിരുന്നു.

1881 മുതൽ തന്റെ മരണം വരെ 'ക്രെല്ലെ ജേർണലി'ന്റെ എഡിറ്ററായി ക്രൊണേക്കർ പ്രവർത്തിച്ചു. ജേർണലിന്റെ വിജയത്തിന് അദ്ദേഹം വളരെയധികം അധ്വാനിച്ചു.

അദ്ദേഹത്തിന്റെ വീട് സുഹൃത്തുക്കളുടെ ഒരു സംഗമകേന്ദ്രമായിരുന്നു. ധാരാളം സുഹൃത്തുക്കളും അവരുടെ കുടുംബങ്ങളും അദ്ദേഹത്തെ സന്ദർശിക്കാറുണ്ടായിരുന്നു. അമിതമായ സ്നേഹത്തോടെയാണ് അദ്ദേഹം എല്ലാവരോടും പെരുമാറിയിരുന്നത്. കലകളെ ഇഷ്ടപ്പെട്ടിരുന്ന ക്രൊണേക്കറുടെ സായാഹ്നങ്ങൾ സംഗീതം നിറഞ്ഞവയായിരുന്നു. ഒരു നല്ല സഞ്ചാരപ്രിയൻ കൂടിയായിരുന്ന ക്രൊണേക്കർ, ജർമനി, ഇറ്റലി, ഹോളണ്ട്, സ്വിറ്റ്സർലണ്ട്, ആസ്ട്രിയ, ബ്രിട്ടൺ, ബെൽജിയം, സ്കാൻഡിനേവിയ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു. ഈ യാത്രകളിൽ ശാരീരികവും മാനസ്സികവുമായ ആരോഗ്യത്തോടൊപ്പം അദ്ദേഹം ധാരാളം ശാസ്ത്രജ്ഞന്മാരായ സുഹൃത്തുക്കളെയും സമ്പാദിച്ചു.

ക്രൊണേക്കർ 150ഓളം ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ആധുനിക ബീജഗണിതം, അങ്കഗണിതം, സമ്മിശ്ര സംഖ്യകൾ എന്നിങ്ങനെ ഗണിതത്തിന്റെ വ്യത്യസ്ത ശാഖകൾ ഉൾപ്പെടുന്നവയാണ് ഈ പ്രബന്ധങ്ങൾ. അങ്കഗണിതത്തിലെ അടിസ്ഥാന സിദ്ധാന്തം, അബൽ സമവാക്യങ്ങൾ, എലിപ്റ്റിക്ക് ഏകദങ്ങൾ എന്നിവയെപ്പറ്റിയുള്ള ഗവേഷണ പ്രബന്ധങ്ങളും ഇതിൽ ഉൾപ്പെടുന്നു.

അനന്തഗണങ്ങളെ ക്രൊണേക്കർ ഒരിക്കലും അംഗീകരിച്ചിരുന്നില്ല. എണ്ണിത്തീർക്കാവുന്ന ക്രിയകൾകൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുന്ന ക്രിയകൾ മാത്രമേ ഗണിതത്തിൽ ഉപയോഗിക്കാവൂ എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. എണ്ണൽ സംഖ്യകളെ ആവശ്യത്തിനനുസരിച്ച് എത്ര വേണമെങ്കിലും വലുതാക്കാം. പക്ഷെ എല്ലാ എണ്ണൽ സംഖ്യകളും ഉൾപ്പെടുന്ന ഒരു ഗണത്തെ-അനന്തഗണത്തെ-അദ്ദേഹം അംഗീകരിച്ചിരുന്നില്ല.

സംഖ്യകളെപ്പറ്റി ഒരിക്കൽ ക്രൊണേക്കർ അഭിപ്രായപ്പെട്ടത് ഇങ്ങനെയായിരുന്നു. "ദൈവം നിസർഗസംഖ്യകൾ സൃഷ്ടിച്ചു, ബാക്കിയെല്ലാം മനുഷ്യന്റെ പ്രവൃത്തിയാണ്."

കാഴ്ചയിൽ ക്രൊണേക്കർ കുറിയ ഒരു മനുഷ്യനായിരുന്നുവെങ്കിലും മരണം വരെയും നല്ല ആരോഗ്യത്തോടുകൂടിയാണ് ജീവിച്ചത്. ചെറുപ്പത്തിൽ ഒരു നല്ല നീന്തൽക്കാരനും കായികാഭ്യാസിയും ആയിരുന്നു. പിന്നീട് പർവതാരോഹണങ്ങളും ക്രൊണേക്കർ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന് ആറുമക്കൾ ഉണ്ടായിരുന്നു. പക്ഷേ രണ്ടുമക്കൾ ശൈശവത്തിൽ തന്നെ മരണമടഞ്ഞു.

1891ൽ ഭാര്യയുടെ മരണം മാനസ്സികമായും ശാരീരികമായും അദ്ദേഹത്തെ തളർത്തി. എങ്കിലും ഗണിതത്തിൽ അദ്ദേഹം തന്റെ ഗവേഷണം തുടർന്നു. 1891 ഡിസംബർ 29ന് ബ്രോങ്കൈറ്റിസ് മൂലം ക്രൊണേക്കർ അന്തരിച്ചു. ❑

**ക്രൊണേക്കർ 150ഓളം ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ആധുനിക ബീജഗണിതം, അങ്കഗണിതം, സമ്മിശ്ര സംഖ്യകൾ എന്നിങ്ങനെ ഗണിതത്തിന്റെ വ്യത്യസ്ത ശാഖകൾ ഉൾപ്പെടുന്നവയാണ് ഈ പ്രബന്ധങ്ങൾ. അങ്കഗണിതത്തിലെ അടിസ്ഥാന സിദ്ധാന്തം, അബൽ സമവാക്യങ്ങൾ, എലിപ്റ്റിക്ക് ഏകദങ്ങൾ എന്നിവയെപ്പറ്റിയുള്ള ഗവേഷണ പ്രബന്ധങ്ങളും ഇതിൽ ഉൾപ്പെടുന്നു.**

**സർവകലാശാല അധ്യാപകൻ എന്ന നിലയിൽ ഒരു സുഹൃത്ത് ക്രൊണേക്കറെപ്പറ്റി പറഞ്ഞത് ഇങ്ങനെയാണ്: "ക്രൊണേക്കർ ഒരു കുറിയ മനുഷ്യനാണെങ്കിലും വലിയൊരു പണ്ഡിതനാണ്." സർവകലാശാലയിലെ 17-ാം നമ്പർ മുറിയിൽ വെച്ചാണ് അദ്ദേഹം പ്രഭാഷണം നടത്തിയിരുന്നത്. രസകരമായ ആമുഖത്തോടെയാണ് ക്രൊണേക്കർ തന്റെ പ്രഭാഷണങ്ങൾ ആരംഭിച്ചിരുന്നത്. പ്രഭാഷണം നടത്തുന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവാച്യമായ ഒരു അനുഭൂതി പ്രദാനം ചെയ്തിരുന്ന കർമ്മമായിരുന്നു.**



*കേരളാ കോൺഗ്രസ് (എം) കാസർകോട് ജില്ലാ കമ്മിറ്റി നടത്തിയ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രവചനമത്സരത്തിൽ ഒന്നാംസമ്മാനത്തിന് അർഹയായ ലീലാമ്മ പൂവത്താനി ഭർത്താവ് മൈക്കിൾ പൂവത്താനിയോടൊപ്പം കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസിൽ നിന്നും ഉപഹാരം ഏറ്റുവാങ്ങുന്നു. ജില്ലാ പ്രസിഡണ്ട് പി.വി.മൈക്കിൾ, അഡ്വ.സന്തോഷ് പല്ലാട്ട്, കെ.എം.ചാക്കോ, മൈക്കിൾ പൂവത്താനി, ബാബു നെടിയകാലായിൽ, സ്റ്റീഫൻ മൂരിക്കുന്നേൽ, ഷിനോജ് ചാക്കോ, വിജയ് എം. ജോർജ്, സേവ്യർ കളരിമുറി എന്നിവർ സമീപം.*

ജർമൻ ഡയറി

**ജോർജ് കുറ്റിക്കാട്ട്**

# ജർമനിയെ തകർത്ത ഹിറ്റ്ലറുടെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ

**സെ**മിറ്റിക് (യഹൂദ) വർഗവിരോധം വളർത്തുക, അവരുടെ അവകാശങ്ങൾ കവർന്നെടുക്കുക, പരിധികളും വിലക്കുകളും വഴി ഒറ്റപ്പെടുത്തുക, അവസാനം ആര്യ വർഗത്തിൽപെട്ടവരല്ലാത്തവരെ ഇല്ലായ്മ ചെയ്യുക. ഇവയെല്ലാം ജർമൻ നാഷണൽ സോഷ്യലിസത്തിന്റെ പ്രഖ്യാപിത നയങ്ങളായിരുന്നു.

ഇന്നലത്തെ തെറ്റുകൾ ഇന്നിന്റെ ശരികളാകുമെന്നും ഇന്നലെകളുടെ നല്ലത് ഇന്നിന്റെ പിഴയായി ഭവിക്കുമെന്നും പറയാറുണ്ടല്ലോ. അവ എന്തായാലും, നിഗൂഢതയും സംശയങ്ങളും ഉണ്ടാക്കുന്ന അനേകം സംഭവങ്ങളെ, കേരളജനത മുഖാമുഖം ദർശിക്കുന്ന കാലമാണിപ്പോൾ.

വിദ്യാഭ്യാസമേഖലയാണ് ഒരു രാഷ്ട്രത്തിന്റെ സിരാകേന്ദ്രം. ഇപ്പോൾ ഏറ്റവും കൂടുതൽ നിഗൂഢഭീകരത ഒളിഞ്ഞിരിക്കുന്നത് വിദ്യാലയ-കലാശാലാ മേഖലകളിലാണ്. കേരളത്തിലെ ജനങ്ങളിൽ സംശയങ്ങളുണ്ടായാൽ അതിന് മറുപടി പറയേണ്ടതും പരിഹാരം കാണേണ്ടതും ബന്ധപ്പെട്ട മന്ത്രിമാരും ഗവൺമെണ്ടുമാണ്. കമ്യൂണിസ്റ്റു പ്രത്യയശാസ്ത്രമോ ബന്ധപ്പെട്ട മന്ത്രിയുടെ സ്വന്തം ആശയങ്ങളോ പ്രചരിപ്പിക്കുന്നതിന് തയ്യാറാക്കിയ നിഗൂഢതയാണെങ്കിൽ പ്രശ്നം പിന്നെയും രൂക്ഷമാകും.

രണ്ടാം ലോകമഹായുദ്ധത്തിന് തൊട്ടുമുമ്പുള്ള ജർമനിയിലെ സ്ഥിതിവിശേഷം നോക്കാം. സ്വേച്ഛാധിപതി അഡോൾഫ് ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമൻ നാസികൾ ജർമനി അടക്കിഭരിക്കുന്ന കാലം. അധികാരത്തിലേറി ഒട്ടും താമസിയാതെ ഭരണപരിഷ്കാരങ്ങൾ ഒന്നിന് പുറകേ മറ്റൊന്നായി വന്നുതുടങ്ങി. ആദ്യമായി അവരുടെ രഹസ്യ അജണ്ടയുടെ ഭാഗമായി വിദ്യാലയഘടനയും വിദ്യാഭ്യാസനയവും അധ്യയനരീതിയും പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും പാർട്ടിനേതൃത്വത്തിന്റെ താത്പര്യങ്ങളനുസരിച്ച് അടിമുടി കീഴ്മേൽ മറിച്ചു. കമ്യൂണിസ്റ്റുകളുടെ വെട്ടിനിരത്തിൽ മോഡൽ തന്നെയെന്നുപറയാം.

വിദ്യാലയങ്ങളുടെ ഘടനയും പാഠ്യപദ്ധതികളുടെയും പാഠപുസ്തകങ്ങളുടെയും ഉള്ളടക്കവും ഹിറ്റ്ലർ റെജിമെണ്ട് തന്നെ തീരുമാനിച്ചു. ഈ തീരുമാനങ്ങൾ എല്ലാം അഡോൾഫ് ഹിറ്റ്ലറുടെ താത്പര്യമനുസരിച്ചുമായിരുന്നു. സ്വകാര്യ-പൊതുസ്ഥാപനങ്ങളുടെയും മറ്റ് അനേക സജ്ജീകരണ സംവിധാനങ്ങളുടെയും ഏകീകരണത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങളുടെയും വിദ്യാഭ്യാസമേഖല മുഴുവന്റെയും മേൽ നാസ്സി റജിമെണ്ട് പിടിമുറുക്കി.

1933ൽ ജർമൻ രാഷ്ട്രത്തിന്റെ ഭരണത്തിൽ ഹിറ്റ്ലർ പിടിമുറുക്കിയതോടെ നാസ്സി പ്രത്യയശാസ്ത്രങ്ങളും ചിന്തകളും ജർമനിയിൽ മാത്രമല്ല, സമീപരാജ്യങ്ങളിലും മിന്നൽ വേഗതയിൽ പ്രചരിപ്പിക്കുകയെന്നത് പ്രഥമ





*നാസിപ്പടയെ അഭിസംബോധന ചെയ്യുന്ന ഹിറ്റ്ലർ*

**സ്വേച്ഛാധിപതി അഡോൾഫ് ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമൻ നാസികൾ ജർമനി അടക്കിഭരിക്കുന്ന കാലം. അധികാരത്തിലേറി ഒട്ടും താമസിയാതെ ഭരണപരിഷ്കാരങ്ങൾ ഒന്നിന് പുറകേ മറ്റൊന്നായി വന്നുതുടങ്ങി. ആദ്യമായി അവരുടെ രഹസ്യ അജണ്ടയുടെ ഭാഗമായി വിദ്യാലയഘടനയും വിദ്യാഭ്യാസനയവും അധ്യയനരീതിയും പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും പാർട്ടിനേതൃത്വത്തിന്റെ താത്പര്യങ്ങളനുസരിച്ച് അടിമുടി കീഴ്മേൽ മറിച്ചു. കമ്യൂണിസ്റ്റുകളുടെ വെട്ടിനിരത്തിൽ മോഡൽ തന്നെയെന്നുപറയാം.**

നടപടിയായിത്തീർന്നു. എന്താണതിനവർ തെരഞ്ഞെടുത്ത മാർഗവും നടപടിക്രമങ്ങളും? ആദ്യമായിത്തന്നെ വിദ്യാലയങ്ങളുടെയും വിദ്യാഭ്യാസമേഖലയുടെയും നിലവിലുണ്ടായിരുന്ന ചട്ടക്കൂട് തകർക്കുക. പാഠപുസ്തകങ്ങളും, പാഠ്യപദ്ധതിയും അധ്യയനക്രമവും അധ്യാപകപരിശീലനവും എല്ലാം കീഴ്മേൽ മറിക്കുക. ഇവ സാധിക്കണമെങ്കിൽ, അതിനെളുപ്പമാർഗം "പ്രധാന വേര്" പിഴുതെടുക്കുകയെന്നതാണ്. അതായത്-അധ്യാപകരെ ഒതുക്കുക! ഇത് തുടങ്ങിവച്ചത് അധ്യാപക ട്രെയിനിംഗ് സ്കൂളുകളിൽ! ഇതിനായി അന്ന് സാധ്യമായ എല്ലാ മാർഗങ്ങളും, അടവുകളും ഉപയോഗിച്ച് അധ്യാപകരെ നാസ്സികളുടെ ആദർശത്തിനൊപ്പം പാകപ്പെടുത്തിയെടുക്കുവാൻ തുടങ്ങി.

നാസ്സി പക്ഷത്തുള്ള അധ്യാപകസംഘടന കൂടെക്കൂടെ അധ്യാപകർക്കുള്ള സെമിനാറുകളും മീറ്റിംഗുകളും നടത്തുമ്പോൾ നാഷണൽ സോഷ്യലിസത്തിന്റെ സിദ്ധാന്തങ്ങളെ അധ്യാപകർക്ക് ബോധ്യപ്പെടുത്താനുള്ള തന്ത്രപരമായ നിഗൂഢപരിപാടികളാണ് ആദ്യമൊക്കെ സ്വീകരിച്ചത്. പിന്നീട് സർവകലാശാലകളും സ്കൂൾ ക്യാമ്പുകളും ഇതിനുള്ള വേദിയാക്കി മാറ്റി. ഇത്തരം വേദികളിലെല്ലാം വർഗസിദ്ധാന്തവും ജനിതക വിജ്ഞാനവും നല്കുകയെന്നതും പ്രധാന വിഷയമായിരുന്നു. ഇങ്ങനെയുള്ള പ്രവർത്തനങ്ങളുടെ ഫലം ക്രമേണ പുറത്തുവന്നുകൊണ്ടിരുന്നു.

അതോടൊപ്പം, നാസ്സി സിദ്ധാന്തങ്ങളെയും ഹിറ്റ്ലറിന്റെ നേതൃത്വത്തെയും നിശിതമായും ക്രമീകൃതമായും വിമർശിച്ച അധ്യാപകരെ നിർബന്ധമായി സ്ഥലം മാറ്റുകയോ, ജോലിയിൽ നിന്ന് പിരിച്ചുവിടുകയോ ചെയ്തുതുടങ്ങി. ഇതിലേറെ അത്ഭുതപ്പെടുത്തുന്ന കാര്യം-അധ്യാപികമാരെ പ്രധാനാധ്യാപകരായി നിയമിക്കുന്നതു മാത്രമല്ല, അധികാരസ്ഥാനങ്ങളിലേക്ക് നിയമിക്കുന്നതുപോലും നിറുത്തലാക്കിയതാണ്. വിദ്യാലയഘടനയെ അട്ടിമറിക്കുകയെന്നത് പ്രധാനലക്ഷ്യമായിരുന്നു. സ്കൂളുകളുടെ തരംതിരിവും ക്ലാസ്സുകളുടെ തുടർച്ചയും സ്വേച്ഛാധിപത്യത്തിന്റെ ചൊല്പടിയിലൊതുങ്ങി.

പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ആറാം വയസ്സുമുതൽ പ്രാഥമിക വിദ്യാലയത്തിൽ പഠിക്കാം. നാലു വർഷത്തെ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് ഉയർന്ന തരം ക്ലാസ്സുകളിലേക്ക് (സെക്കണ്ടറി, ഹയർ സെക്കണ്ടറി) തുടർന്നു പഠിക്കാം. ഉയർന്ന തരം ക്ലാസ്സുകളിലേക്ക് പെൺകുട്ടികൾക്ക് പ്രവേശനം ലഭിക്കണമെങ്കിൽ, അവർ ഹോംസയൻസും നവജാത ശിശുക്കളുടെയും കുട്ടികളുടെയും പരിചരണ വിഷയവും പാഠ്യവിഷയമായി പഠിച്ചിരിക്കണമായിരുന്നു. ആൺകുട്ടികൾക്ക് അവരവരുടെ പ്രത്യേക കഴിവുകളുടെ മേന്മനോക്കിയും മുതിർന്ന ക്ലാസ്സുകളിലേക്ക് പ്രവേശനം നല്കിയിരുന്നു.

പത്താംക്ലാസ്സ് മുതലാണ് സെക്കണ്ടറി സ്കൂളിലേക്കുള്ള പ്രവേശനം ലഭിക്കുന്നത്. ആൺകുട്ടികൾക്ക് മാത്തമാറ്റിക്സും നാചറൽ സയൻസും ഏതെങ്കിലുമൊരു ഭാഷയും ഐച്ഛികമായി എടുത്ത് പഠിക്കാം. എന്നാൽ പെൺകുട്ടികൾക്ക് അവിടെയും നിയന്ത്രണം. അവർക്കനുവദനീയമായത് ഏറ്റവും ഒടുവിലത്തെ വിഷയം-നാചറൽ സയൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്ന ഹോംസയൻസും ചിൽഡ്രൻസ് കെയറുമാണ്. ബുദ്ധിപരമായി പെൺകുട്ടികളെ താഴ്ന്ന മനുഷ്യജീവികളായി നാസ്സികൾ കരുതിയെന്നു ചുരുക്കം. ഇവർ പഠിച്ചുപാസ്സാകുന്ന സെക്കണ്ടറി ബിരുദത്തിന് അവഹേളനയും അവജ്ഞയും സൂചിപ്പിക്കുന്ന തരത്തിൽ "പുഡിംഗ് അബിറ്റൂർ" എന്ന പേര് കിട്ടിയിരുന്നു. അതായത്-മാവുപൊടി കലക്കി കുഴമ്പു പരുവത്തിലുള്ള പലഹാര ബിരുദം!

പെൺവർഗത്തോടുള്ള അവഗണന പിന്നെയും അവസാനിക്കുന്നില്ല. 1937 മുതൽ പെൺകുട്ടികൾക്ക് ഹോംസയൻസ് പഠിപ്പിക്കുന്ന പ്രത്യേകതരം സെക്കണ്ടറി സ്കൂളിലല്ലാതെ മറ്റു സ്കൂളുകളിൽ പഠിക്കാൻ അനുവാദമില്ലാതെയായി. അവിടെ പ്രവേശനം നേടുന്നതുതന്നെ നിരോധിച്ചിരുന്നു.

ഇവയിൽനിന്നെല്ലാം വ്യത്യസ്തമായി ഒരു പ്രത്യേകതരം സ്കൂൾ സമ്പ്രദായവും നിലവിൽവരുത്തി-എലൈറ്റ് സ്കൂളുകൾ. സമൂഹത്തിലെ ശ്രേഷ്ഠവിഭാഗത്തെ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു അത്തരം സ്കൂളുകൾ. അവിടെ, വർഗസങ്കരം വരാത്ത, തെരഞ്ഞെടുക്കപ്പെടുവാൻ ഏറ്റവും യോഗ്യരായ, ശാരീരികവും സ്വഭാവപരവുമായി മികച്ച ആൺകുട്ടികൾക്കു മാത്രമാണ് പ്രവേശനം ഉണ്ടായിരുന്നത്. മാത്രവുമല്ല, അവർ നാഷണലിസ്റ്റുപാർട്ടിയുടെ ആജ്ഞാനുവർത്തികളും ആയിരിക്കണം. അവർ താമസിക്കുന്ന കേന്ദ്രങ്ങളിലും ക്യാമ്പുകളിലും നാസ്സികൾ നിശ്ചയിച്ച യൂണിഫോറം ധരിച്ചിരിക്കണം. പരിശീലനങ്ങൾ ടീം അടിസ്ഥാനത്തിലാണ്. 'അഡോൾഫ് ഹിറ്റ്ലർ സ്കൂൾ' ഇത്തരമൊരു എലൈറ്റ് സ്കൂളായിരുന്നു. സ്കൂളുകളുടെ പ്രധാന ലക്ഷ്യമാവട്ടെ ഹിറ്റ്ലർ യൂത്തിന്റെ പിൻഗാമികളെ വളർത്തിയെടുക്കുകയെന്നതും.

പാഠ്യപദ്ധതികൾ, അധ്യയന രീതികൾ, പാഠഭാഗങ്ങൾ എന്നിവയിൽ അനേകം പരിവർത്തനങ്ങൾ വരുത്തിക്കൊണ്ട് നാഷണൽ സോഷ്യലിസ്റ്റ് സിദ്ധാന്തത്തിന്റെ ഉള്ളടക്കം ചേർത്തു ഒരു പുതിയ ചട്ടക്കൂടുണ്ടാക്കി. ചരിത്രവിഷയങ്ങളിലും ചരിത്രപുസ്തകങ്ങളിലും സാമൂഹ്യശാസ്ത്രത്തിലും പാർട്ടിയുടെ ചരിത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതി നിർണയിച്ചു.

ജീവതന്ത്രം പ്രധാന വിഷയമായിരുന്നെങ്കിലും, ഈ വിഭാഗത്തിൽ കുടുംബചരിത്രം, വർഗചരിത്രം, വർഗസ്നേഹം, വർഗപരിചരണം തുടങ്ങിയവയ്ക്ക് സമൂഹത്തിലെ സ്ഥാനവും പ്രസക്തിയുമെന്താണെന്ന് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. ഇതിന്റെ ആത്യന്തിക ലക്ഷ്യമാകട്ടെ പാർട്ടിയുടെ രഹസ്യ അജണ്ട നടപ്പാക്കുകയെന്നതും!

കുടുംബശാസ്ത്രം-മറ്റൊരു പാഠഭാഗം. ഓരോ വിദ്യാർത്ഥിയും അവരവരുടെ ഫാമിലി ചാർട്ടുകൾ നിർമിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. യുവജനങ്ങളിൽ വർഗബോധം അടിച്ചേല്പിക്കുകയായിരുന്നു, ലക്ഷ്യം. ഭൂമിശാസ്ത്രവിഷയത്തിൽ ജർമനിയിലെ വിവിധ വർഗങ്ങളെപ്പറ്റിയും കൊളോണിയലിസത്തെപ്പറ്റിയും പ്രതിപാദിച്ചിരുന്നു.

രസതന്ത്രപഠനത്തിൽ കുട്ടികൾ പഠിക്കേണ്ടിയിരുന്നത് പ്രതിരോധതന്ത്രങ്ങളെപ്പറ്റിയും വിവിധ തരത്തിലുള്ള സ്ഫോടക വസ്തുക്കളെപ്പറ്റിയുമാണ്. മാത്തമാറ്റിക്സ് വിഷയത്തിൽ നാസ്സിസത്തിന്റെ എല്ലാവിധ ഭീകരമുഖങ്ങളും ദൃശ്യമായി. "മൂല്യമില്ലാത്ത ജീവനെ" ഇല്ലായ്മ ചെയ്യാനും യുദ്ധതന്ത്രത്തിനുള്ള പ്രത്യേകം സിസ്റ്റം രൂപപ്പെടുത്താനുള്ള പരിശീലനങ്ങളാണ് അതിലൂടെ നല്കിയത്.

*(തുടരും)*

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



## ചെറുകഥ

# ജലത്തിന്റെ പ്രാധാന്യം

ഉല്ലല ബാബു



ഒരിക്കൽ രോഹിണിനദിയിലെ ജലത്തിനു വേണ്ടി രണ്ടുദേശക്കാർ തമ്മിൽ തർക്കിച്ചു.

തർക്കം മൂത്തു. ഇരുകൂട്ടരുടെയും സൈന്യം യുദ്ധക്കളത്തിൽ അണി നിരന്നു.

എന്തും സംഭവിക്കാവുന്ന നിമിഷം. എവിടെനിന്നോ ശ്രീബുദ്ധൻ അവരുടെ മധ്യത്തിൽ വന്നുനിന്നു.

വളരെ സൗമ്യനായി ബുദ്ധൻ ചോദിച്ചു.

"ഈ വെള്ളം എങ്ങനെയാണ് നിങ്ങൾക്ക് വിലപ്പെട്ടതായത്"?

ആ നദിയിലെ ജലം കൊണ്ട് ഉണ്ടാകുന്ന പ്രയോജനത്തെക്കുറിച്ച് രണ്ടുകൂട്ടരും വാചാലരായി.

അദ്ദേഹം ഓർമിപ്പിച്ചു:

"എന്നാൽ ഒരു യുദ്ധം ചെയ്യുകയാണെങ്കിൽ നിങ്ങളിൽ പലരും മരിക്കും."

തെല്ലിട നിർത്തിയിട്ട് ബുദ്ധൻ ചോദിച്ചു- "അതുകൊണ്ട് നിങ്ങൾ പറയൂ, വെള്ളമാണോ അതോ ഈ വെള്ളം ഉപയോഗിക്കുന്ന ജനങ്ങളാണോ നിങ്ങൾക്ക് പ്രധാനം?"

ബുദ്ധന്റെ വാക്കുകളിലെ ആന്തരാർത്ഥം അവർ മനസ്സിലാക്കി. അവർ യുദ്ധമേ വേണ്ടെന്നുവച്ചു. ☯

# ഒരുലക്ഷം രൂപവരെയുള്ള എല്ലാ വായ്പകളും എഴുതിത്തള്ളണം

## ദളിത് ഫ്രണ്ട് (എം)



*കേരളാ ദളിത് ഫ്രണ്ട് (എം) കുന്നത്തൂർ നിയോജകമണ്ഡലം കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഓണമ്പലം വിശ്വാമിത്രൻ ഉദ്ഘാടനം ചെയ്യുന്നു.*

പട്ടികവിഭാഗങ്ങളിൽപെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഒരു ലക്ഷം രൂപവരെയുള്ള എല്ലാ വായ്പകളും എഴുതിത്തള്ളണമെന്ന് കേരളാ ദളിത് ഫ്രണ്ട് (എം) കുന്നത്തൂർ നിയോജകമണ്ഡലം കൺവെൻഷൻ സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടു.

ഇതിനായി കേന്ദ്രസർക്കാരിന്റെ കൂടി സഹായം സംസ്ഥാനസർക്കാർ തേടണം. വ്യത്യസ്ത കടബാധ്യതകളിൽപെട്ട് ജീവിതം വഴിമുട്ടിനില്ക്കുന്ന സംസ്ഥാനത്തെ ജനങ്ങളിൽ ഒരു വലിയ വിഭാഗം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദളിത് ജനവിഭാഗങ്ങളാണ്. ഇവരെ സംരക്ഷിക്കേണ്ട ധാർമികബാധ്യത സംസ്ഥാന, കേന്ദ്രസർക്കാരുകൾക്കുണ്ട്. അതിനായി വ്യക്തമായ മാർഗനിർദേശങ്ങളും പദ്ധതിയും തയ്യാറാക്കി സംസ്ഥാനസർക്കാർ മുൻകൈയെടുക്കണമെന്നും ദളിത് ഫ്രണ്ട് (എം) ആവശ്യപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി ഓണമ്പലം വിശ്വാമിത്രൻ ഉദ്ഘാടനം ചെയ്തു. നിയോജകമണ്ഡലം പ്രസിഡണ്ട് ശശി കൊക്കാട് അധ്യക്ഷത വഹിച്ചു.

വഴുതാനത്ത് ബാലചന്ദ്രൻ, ഉഷാലയം ശിവരാജൻ, കെ.കെ.ഡാനിയേൽ, കണ്ടോലിൽ മോഹനൻപിള്ള, സി.ജി ബേബി, ശൂരനാട് ഷാജി, ഇഞ്ചക്കാട് രാജൻ, അമ്പലത്തു രാധാകൃഷ്ണൻ, പോരുവഴി ഓമനക്കുട്ടൻ, കല്ലട രഘുനാഥ് എന്നിവർ പ്രസംഗിച്ചു.

>> 7

# പിതാക്കന്മാരുടെ ത്യാഗവും പുത്രന്മാരുടെ യോഗവും

പിന്നിലിരുന്ന യുവാവ് എസ്.ഐയുടെ യൂണിഫോം പിടിച്ചുവലിച്ചു, തൊട്ടടുത്തു തടയാൻ ചെന്ന കോൺസ്റ്റബിളിന്റെ നെഞ്ചുനോക്കി ചവിട്ടുകയും ചെയ്തു.

പാർട്ടി അംഗമായ സഖാവിന്റെ സത്പുത്രൻ കോൺസ്റ്റബിളിന്റെ തിരുനെഞ്ചു തകർത്തപ്പോൾ തകിടം മറിഞ്ഞത് നിയമവ്യവസ്ഥയായിരുന്നു. തുറവൂരിൽ നിന്ന് തലസ്ഥാനത്തെ പേരൂർക്കടയിലെത്തിയപ്പോൾ പ്രശ്നം പ്രതികളായിരുന്നില്ല; കുറ്റവാളിയിൽ നിന്നും പിടിച്ചെടുത്ത ബൈക്കു തിരിച്ചു കിട്ടണമെന്നായിരുന്നു ആവശ്യം. നിയമസഭയുടെ മൂക്കിനു താഴെ വിലസാനും വിനോദിക്കാനും വല്ലാത്തൊരു ലഹരിയുണ്ട് വിപ്ലവയുവജനസംഘടനയ്ക്ക്, പ്രതിനായകന്മാർ ഡിവൈഎഫ്ഐ പ്രവർത്തകരാണെങ്കിൽ. നിയമവ്യവസ്ഥയുടെ സംരക്ഷകരും അവരാണല്ലോ!

സ്റ്റേഷൻ ആക്രമണത്തിൽപ്രതി ചേർക്കപ്പെട്ടയാളാണ് പേരൂർക്കടയിൽ ഇക്കുറിയും അഴിഞ്ഞാടിയത്. ദുർബലമായ വകുപ്പുകൾ ചുമത്തി ഇവരെ പുറത്തുകൊണ്ടുവന്ന് ആക്രമണകാരികളാക്കുന്നുവെന്ന പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടിയുടെ ആരോപണം ആഭ്യന്തരമന്ത്രിക്ക് നിഷേധിക്കാനാകുമോ?

മക്കൾക്കും മരുമക്കൾക്കും ബന്ധുജനങ്ങൾക്കും വേണ്ടി മാത്രം കുരിശുമല കയറുന്ന പാർട്ടിയംഗത്തിന്റെ തേജോരൂപം പോലീസ് സ്റ്റേഷനുകളിലും ഭരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളുടെ നടുമധ്യത്തിലും അമ്മദൈവത്തിന്റെ ആൾരൂപമാവുകയാണ്. പിടിച്ചുപറിക്കാരന്റെയും ഗുണ്ടാപ്പിരിവുകാരന്റെയും വേഷപ്പകർച്ചയിൽ പകയും വിദ്വേഷവും അനീതിയും പരമധർമമാക്കിയവർക്ക് ഒരു പ്രസ്ഥാനത്തെ ഇങ്ങനെ എത്രകാലം നയിക്കാനാവും?

ഒരു വനിതാ കോൺസ്റ്റബിളിനെ അസഭ്യം പറഞ്ഞ് കൈയേറ്റം ചെയ്യാനുള്ള ധാർഷ്ട്യം കൈമുതലായിട്ടുള്ള ഡി.വൈ. എഫ്.ഐ.യ്ക്ക് സാമൂഹ്യപ്രശ്നങ്ങളിൽ പങ്കാളിയാവാനുള്ള അവകാശം ഇതോടെ നഷ്ടമായിരിക്കുന്നു. അല്ലെങ്കിലും സാമൂഹ്യപ്രതിബദ്ധതയുടെ നല്ല ശീലങ്ങൾ ഇവർ എന്നേ മറന്നു കഴിഞ്ഞു! നടപ്പുവഴി കെട്ടിയടച്ചും കുടിവെള്ളം മുട്ടിച്ചും ഓടുപൊളിച്ചും കിടക്ക കത്തിച്ചും പ്രതിയോഗിയെ നേരിടുന്നവർക്ക് എന്തു പ്രതിബദ്ധത?

പേരൂർക്കട പോലീസ് സ്റ്റേഷൻ ആക്രമിച്ചവർ സബ് ഇൻസ്പെക്ടറെയും വനിതാ കോൺസ്റ്റബിളിനെയും പരുക്കേല്പിച്ചു. നേതൃത്വം നല്കിയതാവട്ടെ ഡി.വൈ.എഫ്.ഐ. കുറവൻകോണം യൂണിറ്റ് മുൻ സെക്രട്ടറിയും. പാർലമെണ്ട് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനു ജനപിന്തുണ കുത്തനെ ഇടിഞ്ഞതിന് കുട്ടിസഖാക്കൾ വഹിച്ച പങ്ക് ചെറുതല്ലെന്ന് കണ്ടെത്തിയിട്ടും, പ്രതിവിധി നിർദേശിക്കേണ്ടവരുടെ കരുത്തും വല്ലാതെ ചോർന്നിരിക്കുന്നു.

ഭരണത്തിന്റെ തണലിൽ സമനില തെറ്റി എന്തു തോന്ന്യാസവും ചെയ്തുകൂട്ടാമെന്ന ഡി.വൈ.എഫ്.ഐ.യുടെ തന്റേടത്തിന് ആരുടെയൊക്കെയോ അനുഗ്രഹമുണ്ട്. ഭരണതലത്തിലെ ഉറക്കച്ചടവും കെടുകാര്യസ്ഥതയും തമ്മിൽത്തല്ലും പുറംലോകത്തെ വായ്പ്പാട്ടാവാതിരിക്കാൻ നല്ലൊരു പ്രതിരോധ നിരയാണ് വിപ്ലവയുവജനസംഘടന. അവരുടെ കയ്യാങ്കളി കണ്ണിനു കൗതുകമായി ആഭ്യന്തര മന്ത്രിയും കാണുമ്പോൾ പീഡനമേല്ക്കുന്നതാവട്ടെ പോലീസിനും!

ഒരു വനിതാ കോൺസ്റ്റബിളിനെ അസഭ്യം പറഞ്ഞ് കൈയേറ്റം ചെയ്യാനുള്ള ധാർഷ്ട്യം കൈമുതലായിട്ടുള്ള ഡി.വൈ. എഫ്.ഐ.യ്ക്ക് സാമൂഹ്യപ്രശ്നങ്ങളിൽ പങ്കാളിയാവാനുള്ള അവകാശം ഇതോടെ നഷ്ടമായിരിക്കുന്നു. അല്ലെങ്കിലും സാമൂഹ്യപ്രതിബദ്ധതയുടെ നല്ല ശീലങ്ങൾ ഇവർ എന്നേ മറന്നുകഴിഞ്ഞു! നടപ്പുവഴി കെട്ടിയടച്ചും കുടിവെള്ളം മുട്ടിച്ചും ഓടുപൊളിച്ചും കിടക്ക കത്തിച്ചും പ്രതിയോഗിയെ നേരിടുന്നവർക്ക് എന്തു പ്രതിബദ്ധത?

കുത്തിയതോട് എസ്.ഐയെ ആക്രമിച്ച സംഭവം ഐ.ജി അന്വേഷിക്കുമെന്ന് ആഭ്യന്തരമന്ത്രി നിയമസഭയിൽ പറഞ്ഞു കഴിഞ്ഞു. എന്നാൽ അവിടെ അങ്ങനൊരു സംഭവമുണ്ടായിട്ടില്ല എന്ന സൂചന ആരെ തൃപ്തിപ്പെടുത്താനാണ്? തുറവൂരും പേരൂർക്കടയിലും നടന്നത് ഒറ്റപ്പെട്ട സംഭവങ്ങളല്ല. മുമ്പും പോലീസ്

പത്താംക്ലാസ് കഴിഞ്ഞ് ടൈപ്പും ഷോർട്ടുഹാൻഡും പാസ്സായി പാലക്കാട് ജില്ലയിലെ കാമ്പടിയിൽ മണ്ണത്ത് സുകുമാരൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തിരുവനന്തപുരത്തെ ഏജീസ് ഓഫീസിൽ ജോലി നേടി. ബ്രിട്ടീഷ് ഭരണകാലത്തിന്റെ തുടർച്ചയായിരുന്നു അന്നത്തെ അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ അന്തരീക്ഷം. ബ്യൂറോക്രസിയുടെ തേർവാഴ്ചയിൽ ജീവനക്കാർ കിടിലം കൊണ്ടു. ഇതിനെതിരെയുള്ള ഒരു കൂട്ടായ്മയുടെ വിത്ത് പതുക്കെ മുളപൊന്തുന്നുണ്ടായിരുന്നു. ഉദ്യോഗപർവത്തിലെ മണ്ണത്ത് സുകുമാരനെ മാറ്റിനിർത്തി 'പാറ'യും 'ശേഷക്രിയ'യും 'പിതൃതർപ്പണ'വുമെഴുതിയ എം. സുകുമാരനിലെത്തുമ്പോൾ മലയാള കഥാസാഹിത്യം നെടുവീർപ്പിട്ടെന്നുവരും.

മേല്പറഞ്ഞ പ്രതിഷേധസന്ധിയിലെപ്പൊഴോ ജോലി നഷ്ടമായ സുകുമാരന്റെ ഡിസ്മിസൽ വാർത്ത പത്രത്തിലൂടെ വായിച്ചറിഞ്ഞ അമ്മ എഴുതി: "എന്തിനാ മോനേ, മുന്നിൽ നില്ക്കാൻ പോയത്?" എക്കാലത്തെയും മലയാളകഥയുടെ മുൻനിരക്കാരനായ സുകുമാരൻ എഴുതി: "അമ്മേ, അമ്മയുടെ ഭീരുവായ മകൻ പുറകിലായിരുന്നു നിന്നിരുന്നത്. മുന്നിലുണ്ടായിരുന്നവർ പിന്നിലായപ്പോഴാണ് ഞാൻ മുന്നിലെത്തിയത്". മായം ചേർക്കാത്ത ധീരതയും ആർദ്രമായ വികാരത്തിന്റെ ബഹിർസ്ഫുരണവുമായ ഈ വാക്യം അമ്മയ്ക്ക് മകനിലുള്ള ആശങ്ക തീർത്തില്ലെങ്കിലും, കാലത്തിന്റെ കർമസാക്ഷിയെ അമ്മ തിരിച്ചറിഞ്ഞിരിക്കണം.

പ്രതിസന്ധികളെ അതിജീവിക്കാനുള്ള ആത്മബലമില്ലാത്തതിനാൽ പിന്തിരിഞ്ഞോടുന്നവരുടെ ഉത്പാദനശേഷി നഷ്ടമായിട്ടില്ലെന്നല്ലേ, നിയമപാലകരോടു മാത്രം കാണിക്കുന്ന ഈ പരാക്രമം തെളിയിക്കുന്നത്? മക്കളുടെ കുസൃതികൾ കണ്ടിട്ടും മനംമാറ്റവും കൂസലുമില്ലാത്ത പിതാക്കന്മാരുടെ നക്ഷത്രയോഗം ഒരു മഹാപ്രസ്ഥാനത്തിന്റെ ഗ്രഹനില തന്നെ മാറ്റിയേക്കാം. ❑

CYAN MAGENTA YELLOW BLACK

# ന്യൂസ് ഡയറി

**(28 ജൂൺ – 04 ജൂലൈ 2009)**

**പി. ആർ.**



## കേരളം

**28.** പ്രശസ്ത തിരക്കഥാകൃത്തും സംവിധായകനുമായ ലോഹിതദാസ് (54) ഹൃദയാഘാതത്തെതുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ അന്തരിച്ചു.



- തിരുവനന്തപുരം പേരൂർക്കട പോലീസ് സ്റ്റേഷൻ ആക്രമിച്ച ഡിവൈഎഫ്ഐ പ്രവർത്തകർ എസ്.ഐയെയും വനിതാ കോൺസ്റ്റബിളിനെയും മർദിച്ചു.

**29.** അപകീർത്തികരമായ വാർത്ത പ്രസിദ്ധീകരിച്ചു എന്നാരോപിച്ച് എം.പി. ശ്രേയാംസ്കുമാർ എംഎൽഎ ദേശാഭിമാനി ദിനപത്രത്തിനെതിരെ വക്കീൽ നോട്ടീസയച്ചു.

- കെ.പി.സി.സി. പ്രസിഡണ്ട് പദവിയിൽ രമേശ് ചെന്നിത്തല നാലുവർഷം പൂർത്തിയാക്കി.



**30.** സർക്കാർ നിയമനങ്ങൾ സംബന്ധിച്ച് മേൽത്തട്ട് പരിധി നിർണയിക്കുന്നതിനുവേണ്ടി നിയോഗിച്ച ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷൻ, അത് നാലരലക്ഷമായി നിശ്ചയിച്ചുകൊണ്ടുള്ള അന്തിമറിപ്പോർട്ട് മന്ത്രി എ.കെ. ബാലനു കൈമാറി.

- സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനായി പി.ടി.എ.റഹീം എംഎൽഎയെ തെരഞ്ഞെടുത്തു.

**1.** പ്രശസ്ത കഥകളി സംഗീതവിദഗ്ധനും ചിത്രകാരനുമായിരുന്ന കോട്ടയ്ക്കൽ പരമേശ്വരൻ നമ്പൂതിരി (73) അന്തരിച്ചു.

- കേരള സർവകലാശാലയിലെ രണ്ടാംഗ്രേഡ് അസിസ്റ്റന്റ് നിയമനം സംബന്ധിച്ച ക്രമക്കേടിനെക്കുറിച്ച് അന്വേഷിച്ച് നാലുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ റിട്ട.ജില്ലാ ജഡ്ജി എൻ. സുകുമാരന്റെ നേതൃത്വത്തിലുള്ള സമിതിയോട് ഹൈക്കോടതി ആവശ്യപ്പെട്ടു.



**2.** മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ മകൻ സി.എ. അരുൺകുമാറിന്റെ പി.എച്ച്.ഡി പ്രവേശന രജിസ്ട്രേഷൻ റദ്ദാക്കിയ കേരള സർവകലാശാലയുടെ നടപടി ഹൈക്കോടതി ശരിവെച്ചു.

- സംസ്ഥാനത്തെ നിയമന നിരോധനത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് തിരുവഞ്ചൂർ രാധാകൃഷ്ണൻ സമർപ്പിച്ച അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

**3.** തിരഞ്ഞെടുപ്പിൽ സമദൂരം എന്ന നയം സ്വീകരിക്കുകയും അതിനുശേഷം വിജയിച്ചവർ തങ്ങളുടെ വോട്ടുനേടിയാണ് വിജയം ഉറപ്പിച്ചതെന്ന് പറയുകയും ചെയ്യുന്ന എൻ.എസ്.എസ് . നേതൃത്വത്തിന്, കേരളത്തിലെ ജനം കഴുതയാണെന്ന വിചാരമാണെന്ന് എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ.



- ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ, ഡിജിപി ജേക്കബ് പുന്നൂസ് എന്നിവരുടെ വീടുകൾ റെയ്ഡ് ചെയ്ത് ചെറിയതുറ വെടിവയ്പ്പുമായി ബന്ധപ്പെട്ട രഹസ്യരേഖകൾ കണ്ടെത്താൻ മജിസ്ട്രേറ്റ് കോടതി പുറപ്പെടുവിച്ച ഉത്തരവ് ജില്ലാ കോടതി സ്റ്റേ ചെയ്തു.

**4.** ഖത്തറിലെ മലയാളികളുടെ സാംസ്കാരിക സംഘടനയായ പ്രവാസി ദോഹ ഏർപ്പെടുത്തിയ ബഷീർ പുരസ്കാരത്തിന് കവിയും പരിസ്ഥിതി പ്രവർത്തകയുമായ സുഗതകുമാരിയെ തെരഞ്ഞെടുത്തു.



- മുല്ലപ്പെരിയാർ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും ആവശ്യങ്ങളും കേന്ദ്രത്തെ ബോധ്യപ്പെടുത്തുന്നതിനും ആ പ്രവർത്തനങ്ങൾ ഡൽഹിയിൽ സജീവമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും പി.ടി.തോമസ് കൺവീനറായി എം.പി.മാരുടെ ഏഴംഗസമിതി രൂപീകരിച്ചു.





## ദേശീയം

**28.** പശ്ചിമബംഗാളിൽ സിപിഎം നടത്തുന്നത് ഏകാധിപത്യഭരണമാണെന്നും അതിന്റെ ഫലമാണ് ലാൽഗഡിൽ മാവോയിസ്റ്റുകൾ നേതൃത്വം നല്കിയ കലാപമെന്നും സിപിഐ ജനറൽ സെക്രട്ടറി എ.ബി.ബർദൻ.



- രാജ്യത്തിന്റെ അഖണ്ഡതയ്ക്കുതന്നെ ഭീഷണി ഉയർത്തുന്നനിലയിൽ പശ്ചിമബംഗാളിൽ വളർന്നുവന്നിരിക്കുന്ന മാവോയിസ്റ്റുകൾക്കെതിരെ മൃദുസമീപനം വെടിഞ്ഞ് 1908ലെ ക്രിമിനൽ നിയമം തന്നെ പ്രയോഗിക്കുവാൻ സംസ്ഥാനത്തെ ഇടതുസർക്കാർ തയ്യാറാകണമെന്ന് കേന്ദ്ര ഗവൺമെണ്ട്.

**29.** ദേശീയ സുരക്ഷാ സേന (എൻ.എസ്.ജി)യ്ക്ക് രാജ്യത്ത് മുംബൈ, ചെന്നൈ, ഹൈദരാബാദ്, കൊൽക്കത്ത എന്നിവിടങ്ങളിലായി നാല് മേഖലാ താവളങ്ങൾ സ്ഥാപിക്കുമെന്നും ഇവയിൽ മുംബൈയിലേതിന്റെ നിർമാണം പൂർത്തിയായെന്നും ആഭ്യന്തരമന്ത്രി പി.ചിദംബരം.



- ഇടതുമുന്നണിയിലെ മറ്റു ഘടകകക്ഷികളോടുള്ള ധാർഷ്ട്യം സിപിഎം അവസാനിപ്പിക്കണമെന്ന് സിപിഐ ജനറൽ സെക്രട്ടറി എ.ബി.ബർദൻ.

- ഉത്തരേന്ത്യക്കാരെ ആക്രമിച്ച കേസിൽ മുംബൈയിലെ കല്യാൺ കോടതിയിൽ കീഴടങ്ങിയ മഹാരാഷ്ട്ര നവനിർമാൺ സേനാതലവൻ രാജ് താക്കറെയ്ക്ക് ഉപാധികളോടെ കോടതി ജാമ്യം നല്കി.



- ജമ്മു കാശ്മീരിലെ പൂഞ്ചിൽ നിയന്ത്രണരേഖ ലംഘിച്ച് നുഴഞ്ഞുകയറാൻ ശ്രമിച്ച ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ മോഹിന്ദർ സിംഗ് എന്ന സൈനികൻ കൊല്ലപ്പെട്ടു.

**30.** മലപ്പുറം സ്വദേശിനിയും ചൈനയിലെ ഇന്ത്യൻ അംബാസിഡറുമായ നിരുപമാ റാവുവിനെ, ശിവശങ്കർ മേനോൻ വിരമിക്കുന്ന ഒഴിവിൽ വിദേശകാര്യ സെക്രട്ടറിയായി നിയമിച്ചു.

- 1992 ഡിസംബർ ആറിന് ബാബറി മസ്ജിദ് തകർക്കപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് എം.എസ്. ലിബറാൻ കമ്മീഷൻ റിപ്പോർട്ട് പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗിന് കൈമാറി.

- കേന്ദ്ര ആഭ്യന്തര സെക്രട്ടറിയായി ഗോപാൽ കൃഷ്ണപിള്ള ചുമതലയേറ്റു.

- പശ്ചിമബംഗാളിൽ ഇടതുസർക്കാർ ആദിവാസികളെയും അധഃസ്ഥിത ജനവിഭാഗങ്ങളെയും അവഗണിക്കുന്നത് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് മാവോയിസ്റ്റ് അനുകൂലികൾ ഡൽഹിയിൽ എ.കെ.ജി ഭവനിലേക്കു മാർച്ചുനടത്തി.

**1.** പശ്ചിമബംഗാളിൽ 16 നഗരസഭകളിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ 13ലും സിപിഎമ്മിനെ പരാജയപ്പെടുത്തി കോൺഗ്രസ് – തൃണമൂൽ കോൺഗ്രസ് സഖ്യം വിജയം നേടി.

- രാജ്യാന്തരവിപണയിൽ ക്രൂഡോയിലിന്റെ വില ഉയർന്നതിനെതുടർന്ന് പെട്രോളിയത്തിന് ലിറ്ററിന് നാലു രൂപയും ഡീസലിന് ലിറ്ററിന് രണ്ടുരൂപയും വർധിപ്പിച്ചു.



**2.** അയ്യായിരം കിലോമീറ്ററിലധികം ദൂരപരിധിയുള്ള ബാലിസ്റ്റിക് മിസൈലായ അഗ്നി-5 മിസൈൽ വികസന പദ്ധതിയുടെ ഡയറക്ടറായി ഇന്ത്യയുടെ മിസൈൽ വനിത എന്നറിയപ്പെടുന്ന ടെസി തോമസി (46)നെ നിയമിച്ചു.

- രാജ്യം പത്മവിഭൂഷൻ നല്കി ആദരിച്ച പ്രശസ്ത ചിത്രകാരൻ അയ്യൂബ് മേത്ത(84) ഹൃദയാഘാതം മൂലം അന്തരിച്ചു.

**3.** മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമിക്കുവാനുള്ള കേരളത്തിന്റെ നീക്കത്തെ തടയണമെന്നുതന്നെയാണ് സംസ്ഥാനസർക്കാരിന്റെ നിലപാടെന്ന് തമിഴ്നാട് പൊതുമരാമത്ത് മന്ത്രി കെ. ദുരൈ മുരുകൻ.

- മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ, മന്ത്രിമാരായ കോടിയേരി ബാലകൃഷ്ണൻ, എൻ.കെ.പ്രേമചന്ദ്രൻ, സെക്രട്ടറിമാർ എന്നിവർ ഉൾപ്പെടെ 151 യാത്രക്കാരുമായി രാവിലെ നെടുമ്പാശ്ശേരിയിൽ നിന്നും ഡൽഹിയിലേക്കു പോയ എയർ ഇന്ത്യ എ.സി.-466 വിമാനം എൻജിൻ തകരാറിനെത്തുടർന്ന് നാഗ്പൂരിൽ അടിയന്തിരമായി ഇറക്കി.

- രണ്ടാം യുപിഎ സർക്കാരിന്റെ ആദ്യ റെയിൽവേ ബജറ്റ് മന്ത്രി മമതാ ബാനർജി പാർലമെണ്ടിൽ അവതരിപ്പിച്ചു.



**4.** കൊൽക്കത്തയിൽ ഹൗറ സ്റ്റേഷനു സമീപം ഫ്ളൈഓവറിന്റെ കൈവരി തകർന്നു ബസ് റയിൽപാളയത്തിലേക്കുവീണ് പതിനൊന്ന് യാത്രക്കാർ മരിച്ചു.

- വ്യാജമുദ്രപ്പത്രക്കേസിൽ തടവിൽ കഴിയുന്ന അബ്ദുൾ കരീം തെൽഗിയെ 2001ൽ പാസ്പോർട്ട് ലഭിക്കുന്നതിനായി വ്യാജരേഖ സമർപ്പിച്ച കേസിൽ മൂന്നുവർഷം തടവിന് മുംബൈയിലെ സിബിഐ കോടതി ശിക്ഷിച്ചു.



## വിദേശം

**28.** പ്രസിഡണ്ട് തെരഞ്ഞെടുപ്പുഫലം റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള പ്രക്ഷോഭങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നു എന്നാരോപിച്ച് ടെഹ്റാനിൽ ബ്രിട്ടീഷ് എംബസിയിലെ എട്ടു ജീവനക്കാരെ ഇറാൻ തടങ്കലിലാക്കി.

- പാക് താലിബാൻ തലവൻ ബെയ്തുല്ല മെഹ്സൂദിനെ ജീവനോടെയോ അല്ലാതെയോ പിടികൂടുകയോ അല്ലെങ്കിൽ അതിനാവശ്യമായ സഹായം നല്കുകയോ ചെയ്യുന്നവർക്ക് പാകിസ്ഥാനിലെ വടക്കുപടിഞ്ഞാറൻ അതിർത്തി പ്രവിശ്യാ ഗവൺമെണ്ട് അഞ്ചുകോടി രൂപ ഇനാം പ്രഖ്യാപിച്ചു.

- മധ്യ അമേരിക്കൻ രാജ്യമായ ഹോണ്ടുറാസിൽ ഭരണഘടനാഭേദഗതിക്കായി ജനഹിതപരിശോധന നടത്താൻ തീരുമാനിച്ച പ്രസിഡണ്ട് ജോസ് മാനുവൽ സെലായയെ പട്ടാളം നാടുകടത്തി.

- പശ്ചിമബംഗാളിൽ 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ 70 ശതമാനം പോളിംഗ്.

**29.** അതിർത്തി രക്ഷാസേന (ബിഎസ്എഫ്)യുടെ ഡയറക്ടർ ജനറലായി മുൻ കേരള ഡിജിപി രമൺ ശ്രീവാസ്തവയെ നിയമിച്ചു.



- കാശ്മീർ പ്രശ്നത്തിന് പരിഹാരം കാണാതെ, ഇന്ത്യാ-പാകിസ്ഥാൻ ഉഭയകക്ഷി ചർച്ചകൾ കൊണ്ടുമാത്രം ശാശ്വത സമാധാനം കൈവരിക്കാൻ കഴിയില്ലെന്ന് പാകിസ്ഥാൻ പ്രധാനമന്ത്രി യൂസഫ് റാസ ഗിലാനി.



**30.** പാരീസിൽ നിന്നും ദക്ഷിണാഫ്രിക്കയ്ക്കു സമീപമുള്ള കൊമോറോസിലെ മൊറോണി വിമാനത്താവളത്തിലേക്കു 153 പേരുമായി പറന്ന യെമൻ വിമാനം ഇന്ത്യാ സമുദ്രത്തിൽ തകർന്നുവീണു; അഞ്ചുവയസ്സുള്ള കുട്ടിയെ മാത്രം രക്ഷിക്കാനായി.

- സ്വതന്ത്രരാഷ്ട്രമായിത്തീർന്ന കൊസവോ രാജ്യാന്തര നാണ്യനിധി (ഐഎംഎഫ്)യിൽ 186-ാം അംഗമായി.

**1.** ക്രൊയേഷ്യ പ്രധാനമന്ത്രി ഇവോ സനാദർ സജീവരാഷ്ട്രീയത്തിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് പ്രധാനമന്ത്രിപദം രാജിവച്ചു.

- കഴിഞ്ഞ പന്ത്രണ്ടുവർഷമായി രാജ്യാന്തര ആണവോർജ ഏജൻസി (ഐഎഇഎ)യുടെ ഡയറക്ടർ ജനറലായി തുടരുന്ന മുഹമ്മദ് എൽ ബറാദേയി വിരമിക്കുന്ന ഒഴിവിലേക്ക് ജപ്പാനിൽനിന്നുള്ള യുകിയ അമാനോ തെരഞ്ഞെടുക്കപ്പെട്ടു.

**2.** പശ്ചിമാഫ്രിക്കൻ റിപ്പബ്ലിക്കായ നൈജറിലെ പ്രഥമ ഇന്ത്യൻ സ്ഥാനപതിയായി കാനഡയിലെ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥൻ വിനോദ് കുമാർ സച്ച്ദേവയെ നിയമിച്ചു.

- യു.എസ്. ആസ്ഥാനമായുള്ള വേൾഡ് പബ്ലിക് ഒപ്പീനിയൻ എന്ന സംഘടന നടത്തിയ സർവേയിൽ താലിബാനും അൽഖയ്ദയും രാജ്യത്തിന് വൻ ഭീഷണിയായി മാറിയിരിക്കുന്നതായി 80 ശതമാനം പാകിസ്ഥാൻകാരും അഭിപ്രായപ്പെട്ടു.

**3.** പാകിസ്ഥാൻ അതിർത്തിയോടു ചേർന്ന അഫ്ഗാനിസ്ഥാൻ പ്രവിശ്യയായ പാക്തിക്കയിലെ നാറ്റോ സേനാതാവളത്തിനുനേർക്കുണ്ടായ ചാവേർ ആക്രമണത്തിൽ 32 താലിബാൻകാരും രണ്ട് സൈനികരും കൊല്ലപ്പെട്ടു.

**4.** ഐക്യരാഷ്ട്രസഭയുടെ വിലക്കിനെ മറികടന്ന് ഉത്തര കൊറിയ 500 കിലോമീറ്റർവരെ ദൂരപരിധിയുള്ള അഞ്ച് ബാലിസ്റ്റിക് മിസൈലുകൾ പരീക്ഷിച്ചു.



- തന്ത്രപ്രധാനമേഖലകളുടെ ദേശസാത്ക്കരണം എന്ന പ്രസിഡണ്ട് ഹ്യൂഗോ ഷാവേസിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി വെനസ്വേലയിലെ ഏറ്റവും വലിയ മൂന്നാമത്തെ ബാങ്കായ ബാങ്കോ ഡി വെനസ്വേലയെ സർക്കാർ ഏറ്റെടുത്തു.

CYAN MAGENTA YELLOW BLACK


പ്രതിച്ഛായ വാരിക

15 ജൂലൈ 2009
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY

Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment


വിദേശക്കാഴ്ച

പ്രിൻസ് രാജ്

# ഹോണ്ടുറാസ്

# സമ്പത്തിനെ ഉള്ളിലൊളിപ്പിച്ച ദരിദ്ര ഭൂമി

**ഹോ**ണ്ടുറാസ് എന്ന സ്പാനിഷ് വാക്കിന്റെ അർത്ഥം ആഴക്കടൽ എന്നാണ്. ആഴക്കടൽപോലെ പ്രകൃതിദത്ത സമ്പത്തിനെ ഉള്ളിലൊളിപ്പിച്ച ഈ ഭൂപ്രദേശം, പക്ഷേ കൊടിയ ദാരിദ്ര്യംകൊണ്ട് വീർപ്പുമുട്ടുകയാണ്. മധ്യ അമേരിക്കയിൽ വലുപ്പത്തിൽ രണ്ടാം സ്ഥാനമാണ് ഹോണ്ടുറാസിന്.

1821 സെപ്റ്റംബർ 15ന് സ്പെയിനിന്റെ അധിനിവേശത്തിൽ നിന്നും സ്വതന്ത്രമാക്കപ്പെട്ട ഈ നാട് തുടർന്നുള്ള കാലഘട്ടത്തിന്റെ എൺപത് ശതമാനവും അധികാര അട്ടിമറികളും ആഭ്യന്തരസംഘർഷങ്ങളും മൂലം പ്രക്ഷുബ്ധമായിരുന്നു.

രാജ്യത്തിന്റെ മൊത്തം വിസ്തൃതിയുടെ പകുതിയോളം വനമാണ്. ബാക്കി പ്രദേശമാകട്ടെ പർവതങ്ങൾ, കുന്നുകൾ, നദികൾ എന്നിവയും. സ്വർണം, വെള്ളി, ചെമ്പ് തുടങ്ങിയ ലോഹങ്ങളുടെ വൻശേഖരവും ഹോണ്ടുറാസിന്റെ മണ്ണ് പേറുന്നു.

അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളായ ലോകബാങ്ക്, ഐ.എം.എഫ് എന്നിവയും ഐക്യരാഷ്ട്രസംഘടനയും ഹോണ്ടുറാസിനെ സാമ്പത്തികമായി ഏറ്റവും തകർന്ന രാഷ്ട്രങ്ങളുടെ ഗണത്തിൽ പെടുത്തിയിരിക്കുന്നു.

ഒടുവിൽ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് നടന്നത് 2005 ഡിസംബറിലാണ്. ആ തെരഞ്ഞെടുപ്പിൽ ലിബറൽ പാർട്ടിയുടെ മാനുവൽ സെലെയാ എഴുപത്തയ്യായിരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. പുതിയ ഭരണഘടന പ്രകാരം നാലുവർഷമാണ് പ്രസിഡണ്ടിന്റെ കാലാവധി. തന്നെയുമല്ല ഒന്നിലധികം തവണ പ്രസിഡണ്ടു പദവി വഹിക്കുന്നത് ഭരണഘടന വിലക്കുന്നു.

ഈ ജനുവരിയിൽ കാലാവധി പൂർത്തിയാകാൻ പോകുന്ന സെലെയാ, പ്രസിഡണ്ടു പദവി സംബന്ധിച്ച ഭരണഘടനാ പരിച്ഛേദത്തിൽ ഭേദഗതി വരുത്തുക ലക്ഷ്യമാക്കി പ്രഖ്യാപിച്ച ഹിതപരിശോധന ഹോണ്ടുറാസ് രാഷ്ട്രീയത്തെ വീണ്ടും കലുഷിതമാക്കിയിരിക്കുന്നു. സെലെയായുടെ ഈ നീക്കത്തിനെതിരെ ശക്തമായി രംഗത്തുവന്ന പട്ടാളം അദ്ദേഹത്തെ ജൂൺ 28ന് നാടുകടത്തി. പാർലമെണ്ട് സ്പീക്കറായ റോബേർട്ടോ മിച്ചെലേറ്റി ഇടക്കാല പ്രസിഡണ്ടായി അവരോധിക്കപ്പെട്ടു. ഭരണഘടനാനുസൃതം നവംബർ 29ന് തന്നെ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് നടത്തുമെന്ന് മിച്ചെലേറ്റി പ്രഖ്യാപിക്കുകയും ചെയ്തു.




അമേരിക്കയുടെയും പാശ്ചാത്യ ലോകത്തിന്റെയും പ്രഖ്യാപിതശത്രുവായ വെനസ്വേലൻ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസുമായി നല്ല ബന്ധമാണ് മാനുവൽ സെലെയായ്ക്കുണ്ടായിരുന്നത്. എന്നാൽ അദ്ദേഹത്തെ പ്രസിഡണ്ട് പദവിയിൽ നിന്ന് പുറത്താക്കിയ സൈനികനടപടിക്കെതിരെ ആദ്യം പ്രതികരിച്ചത് അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമയാണെന്നത് വർത്തമാനകാലത്തെ അന്താരാഷ്ട്ര രാഷ്ട്രീയത്തിലെ വൈരുധ്യമായി. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സെലെയായെ പുറത്താക്കിയ നടപടി അംഗീകരിക്കാൻ കഴിയില്ലെന്നായിരുന്നു ഒബാമയുടെ ആദ്യപ്രതികരണം തന്നെ.

ഇപ്പോഴും താൻ തന്നെയാണ് ഭരണഘടനാനുസൃതം ഹോണ്ടുറാസിന്റെ പ്രസിഡണ്ടെന്നും രാജ്യത്തേക്ക് വൈകാതെ മടങ്ങുമെന്നുമായിരുന്നു മാനുവൽ സെലെയായുടെ നിലപാട്.

**1982ൽ പുതിയ ഭരണഘടന നിലവിൽവന്നതോടെ ജനാധിപത്യത്തിലേക്കും സമാധാനത്തിലേക്കും ഹോണ്ടുറാസ് നീങ്ങി. സർക്കാർ തലവനും രാഷ്ട്രത്തലവനും പ്രസിഡണ്ടാണ്. 80 ലക്ഷത്തോളം ജനസംഖ്യയുള്ള ഹോണ്ടുറാസിനെ പതിനെട്ട് സംസ്ഥാനങ്ങളായി തിരിച്ചിരിക്കുന്നു. ആ രാജ്യത്തിന്റെ കഴിഞ്ഞ കാൽനൂറ്റാണ്ടിലൂടെ...**

**1981 –** ലിബറൽ പാർട്ടി ഓഫ് ഹോണ്ടുറാസ് നേതാവ് റോബേർട്ടോ സിയോസ് കോർസോവ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

**1982 –** പുതിയ ഭരണഘടന നിലവിൽവന്നു. പ്രസിഡണ്ട് പദവി ഒരു തവണ മാത്രമായി നിജപ്പെടുത്തി.

**1986 –** ലിബറൽ പാർട്ടി നേതാവായ ജോസ് അസ്കോന ഡെൽ ഹോയോ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

**1989 ജനുവരി –** സൈനിക മേധാവിയായിരുന്ന ജനറൽ അൽവാരേസിനെ തലസ്ഥാനമായ തെഗുസിഗൽപയിൽ വച്ച് ഇടതുപക്ഷ ഗറില്ലകൾ വധിച്ചു.



ഗോണ്ടുറാസ് തലസ്ഥാനമായ തെഗുസിഗൽപ

**1990 ജനുവരി –** റാഫേൽ കല്ലേജാസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

**1992 –** അന്താരാഷ്ട്ര കോടതിയുടെ മേല്നോട്ടത്തിൽ ഹോണ്ടുറാസിനും എൽ സാൽവദോറിനും മധ്യേ പുതിയ അതിർത്തി നിർണയിച്ചു.

**1993 നവംബർ –** ലിബറൽ പാർട്ടി നേതാവും പ്രമുഖ വലതുപക്ഷക്കാരനുമായ കാർലോസ് റെയ്ന പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. സൈന്യത്തിന്റെ അധികാരങ്ങൾ വെട്ടിക്കുറച്ചു.

**1997 –** ലിബറൽ പാർട്ടി പ്രതിനിധിയായ കാർലോസ് ഫ്ളേർഡ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

**1998 –** മിച്ച് എന്ന ചുഴലിക്കൊടുങ്കാറ്റ് രാജ്യത്താകമാനം വൻ നാശനഷ്ടം വിതച്ചു.

**2002 ജനുവരി –** റിക്കാർഡോ മഡുരോ പ്രസിഡണ്ടായി ചുമതലയേറ്റു. 1961ൽ വിച്ഛേദിക്കപ്പെട്ട ക്യൂബയുമായുള്ള നയതന്ത്രബന്ധം പുന:സ്ഥാപിച്ചു.

**2003 ഡിസംബർ –** ഗ്വാട്ടിമാല, എൽ സാൽവദോർ, നിക്കാരാഗ്വേ എന്നിവയ്ക്കൊപ്പം ഹോണ്ടുറാസും, അമേരിക്കയുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവച്ചു.

**2005 ഡിസംബർ –** ലിബറൽ പാർട്ടിയുടെ മാനുവൽ സെലെയാ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ വിജയിച്ചു



*2008 ജനുവരി 15ന് ഹോണ്ടുറാസ് തലസ്ഥാനമായ തെഗുസിഗൽപയിൽ സന്ദർശനത്തിനെത്തിയ വെനസ്വേലൻ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസിനെ പ്രസിഡണ്ട് മാനുവൽ സെലെയാ സ്വീകരിക്കുന്നു.*

**2007 ഒക്ടോബർ –** ഹേഗിലെ അന്താരാഷ്ട്ര കോടതിയിൽ ഹോണ്ടുറാസും നിക്കാരാഗ്വേയും തമ്മിലുണ്ടായിരുന്ന അതിർത്തി തർക്കം പരിഹരിക്കപ്പെട്ടു.

**2008 ആഗസ്റ്റ് –** വെനസ്വേലൻ പ്രസിഡണ്ട് ഹ്യൂഗോ ഷാവേസ് നേതൃത്വം നല്കുന്ന ഇടതുപക്ഷ ലാറ്റിനമേരിക്കൻ രാഷ്ട്രങ്ങളുടെ സംഘടനയായ "ബോളിവേറിയൻ ആൾട്ടർനേറ്റീവ് ഫോർ അമേരിക്കാസി"ൽ ഹോണ്ടുറാസും അംഗമായി.

**2009 ജൂൺ –** മാനുവേൽ സെലെയായെ പ്രസിഡണ്ട് പദവിയിൽ നിന്നും സൈന്യം പുറത്താക്കി നാടുകടത്തി. പാർലമെണ്ട് സ്പീക്കറായ റോബേർട്ടോ മിച്ചെലേറ്റിയെ ഇടക്കാല പ്രസിഡണ്ടായി പ്രഖ്യാപിച്ചു.



റോബേർട്ടോ മിച്ചെലേറ്റി

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK